ആളുകളും ചില നടപടികളും സ്വീകരിച്ചു; വെളിച്ചെണ്ണയുടെ അല്ലെങ്കിൽ നാളികേരത്തിന്റെ വില കുറയ്ക്കണമെന്ന ഉദ്ദേശത്തിനല്ല. കൺസ്യൂമേഴ്സിനു നിയന്ത്രിതവിലയ്ക്കു വിതരണം ചെയ്യാനൊക്കുമോയെന്നു നോക്കാൻവേണ്ടി ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. അല്ലാതെ അതിന്റെ പിന്നിൽ ദുരുദ്ദേശമൊന്നുമില്ല. ചെറിയൊരു ശതമാനംമാത്രം ആ രീതിയിൽ നിയന്ത്രിതവിലയ്ക്കു വിതരണംചെയ്യാനൊക്കുമോയെന്നു പരിശ്രമം നടത്തി. അതുപോലും നാളികേരത്തിന്റെ മാർക്കറ്റിൽ സാരമായി ബാധിക്കുമെന്നു സംശയമുണ്ടായപ്പോൾ അതുപോലും ഗവൺമെന്റു പുനഃപരിശോധിക്കുകയും ആ നിയന്ത്രണങ്ങൾ ലിഫ്റ്റുചെയ്യുകയും ചെയ്തു. അതിനുശേഷമാണു കേന്ദ്രഗവൺമെന്റ് വീണ്ടും ഏതാണ്ട് പതിനായിരം ടണ്ണോളം കൊപ്രാ ഇറക്കുമതിചെയ്യാൻ ചില തീരുമാനങ്ങൾ എടുത്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടത്. അത് ഗവൺമെന്റു വളരെ ഗൗരവത്തോടുകൂടിതന്നെ എടുക്കുകയും ആഭ്യന്തരമന്ത്രിയും കെ. പി. സി. സി. പ്രസിഡന്റും ഡൽഹിയിൽ പോയപ്പോൾ പ്രധാനമന്ത്രി ഉൾപ്പെടെ ബന്ധപ്പെട്ട ആളുകളുടെ മുമ്പിൽ ഈ പ്രശ്നം കേരളത്തിന്റെ ഒരു വലിയ പ്രശ്നമായിതന്നെ അവതരിപ്പിക്കുകയും ചെയ്തു. അതിൻമേൽ അവർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് ഇപ്പോൾ പ്രതീക്ഷിക്കുന്നത് ഇറക്കുമതി ഉണ്ടാകുകയില്ലെന്നാണ്. അതുകൊണ്ട് വലിയ ആശങ്കയ്ക്ക് അവകാശമില്ല.

സർ, മറ്റൊരുകാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചുകൊള്ളാം. ഇതിന് നാം ഇപ്പോൾ ചെയ്യാനുദ്ദേശിക്കുന്നത് റഗുലേറ്റഡ് മാർക്കറ്റ് സിസ്റ്റം ഇവിടെ സ്ഥാപിക്കണമെന്നുള്ളതാണ്. എങ്കിൽമാത്രമേ നിശ്ചിതവില നമുക്കു പിടിച്ചു നിറുത്താൻ സാധിക്കുകയുള്ളു. സംസ്ഥാന ഗവൺമെന്റ് അതിനു ഒരു കമ്മിറ്റിയെ നിയോഗിക്കുകയും കമ്മിറ്റി ഒരു റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടു ഗവൺമെന്റ് പരിശോധിക്കുകയും റഗുലേറ്റഡ് മാർക്കറ്റിംഗിനുവേണ്ടി ഒരു നിയമം പാസാക്കാൻ മന്ത്രിസഭ തീരുമാനിക്കുകയും ചെയ്തു. അതു താമസിയാതെതന്നെ, നിയന്ത്രിതവിപണിക്കുവേണ്ടിയുള്ള ഒരു നിയമം ഈ നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. അതിനുശേഷം നിയന്ത്രിതവില നമുക്ക് എന്നും ലഭിക്കത്തക്കവിധത്തിലുള്ള വിജയപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

III PRESENTATION OF REPORTS

(i) Report of the Committee on Public Undertakings

Sri R. S. Unni : Sir, I present the thirty-fourth report of the Committee on Public Undertakings.

(ii) Report of the Committee on the Welfare of Scheduled Castes and Scheduled Tribes

Sri Damodaran Kalassery : Sir, On behalf of the Chairman, I present the Eighth report of the Committee on the Welfare of Scheduled Castes and Scheduled Tribes.

(iii) Report of the Committee on Estimates

Sri P. P. George : Sir, I present the Twenty-sixth report of the Committee on Estimates.

Mr. Speaker : The reports are presented.

LIBRARY ARCHIVES Kerala Legislative Assembly